റോഡു വക സ്ഥലം കയ്യേറുന്നത് തടയാൻ നടപടി

67 (2864)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡു വക സ്ഥലങ്ങളിൽ വൻതോതിൽ അനധികൃതമായി കയ്യേറ്റങ്ങൾ നടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ തടയുന്നതിനായി എന്തെങ്കിലും നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) റോഡു വക സ്ഥലം അളന്ന് തിട്ടപ്പെടുത്തി അവിടെയുണ്ടാകുന്ന കയ്യേറ്റങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) സർക്കാർ ഭൂമിയിലെ അനധികൃതമായ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ തടയുന്നതിനും ഉടനടി ഒഴിപ്പിക്കുന്നതിനും, ജില്ലാ കളക്ടർമാരും, ബന്ധപ്പെട്ട മറ്റ് റവന്യൂ ഉദ്യോഗസ്ഥൻമാരും സദാ ജാഗരൂകരായിരിക്കേണ്ടതാണെന്നും, ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ കർശനമായി സ്വീകരിക്കേണ്ടതാണെന്നും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുറമ്പോക്ക് ഭൂമി കയ്യേറ്റം

68 (2865)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൂടലങ്ങാടി പാലത്തിനു സമീപം എത്രസ്ഥലമാണ് പി.ഡബ്ലിയു.ഡി. പുറമ്പോക്ക് സ്ഥലമായി ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥലം കൈയ്യേറിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥലം മലപ്പുറം ജില്ലാ രൂപീകരണത്തിനുമുമ്പ് ഒറ്റപ്പാലം സബ്കളക്ടർ 31.3.1964-ലെ അവാർഡ് നമ്പർ 6/64 പ്രകാരം പൊന്നും വിലയ്ക്ക് എടുത്തതാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 28.4.1965-ൽ 1021 ബി നമ്പറായി '74'സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 1996 ഡിസംബർ 12 ന് സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുള്ള ഈ ഭൂമിയാണ് കയ്യേറിയിട്ടുള്ളത് എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഭൂമി കൈയേറ്റത്തെ സംബന്ധിച്ച് നാട്ടുകാർ അയച്ച പരാതിയിൻമേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) സർക്കാരിന്റെ പൊന്നുംവിലയ്ക്കെടുത്തിട്ടുള്ള ഭൂമി കൈയേറിയവരിൽ നിന്ന് ഭൂമി തിരിച്ചുപിടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly